## വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ: പി. എം. റെജീന)

നം: ഇ.ബി.1/6913/2017

തീയതി :21/04/2017

വിഷയം: വ്യവസായം - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ആനുപാതിക സ്ഥാനക്കയറ്റം നൽകുന്നതു സംബന്ധിച്ച്:

സൂചന: 1. 15/11/2016. ലെ ഇ.ബി.1/2202/13 നമ്പർ നടപടിക്രമം
2. ഈ ഓഫീസിലെ 31.03.2017 ലെ ഇ3/20001/2016 നമ്പർ നടപടിക്രമം.

വകുപ്പിൽ ആകെ 27 കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ തസ്തികകളാണ് 1 : 1 : 1 : 1 അനുപാതത്തിൽ നിലവിലുള്ളത്. ഇത് സെലക്ഷൻ ഗ്രേഡ് (6), സീനിയർ ഗ്രേഡ് ( 7), ഗ്രേഡ് I (7), ഗ്രേഡ് II (7) എന്നീ അനുപാതത്തിലാണ്.

സൂചന 2 പ്രകാരം ഉത്തരവായ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും സെലക്ഷൻ ഗ്രേഡ് തസ്തികയിൽ വിരമിക്കൽ മൂലം 2 ഒഴിവുകളും സീനിയർ ഗ്രേഡ് തസ്തികയിൽ ഒരു ഒഴിവും നിലവിലുള്ളത് നികത്തപ്പെടേണ്ടതുണ്ട് എന്ന് ബോധ്യപ്പെട്ടു. ആയതിലേക്കായി ഉത്തരവു പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

മേൽ പ്രസ്താവിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർ ക്കും പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | സീനിയോ രിറ്റി ലിസ്റ്റിലെ ക്രമ നം. | പേരും, നിലവിലെ ഓഫീസും, ഗ്രേഡും. | ആനുപാതിക സ്ഥാനക്കയറ്റം നൽകുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് | പ്രാബല്യ തീയതിയും ഒഴിവിന്റെ വിവരവും | ആനുപാതിക സ്ഥാനക്കയറ്റം നൽകുന്ന ഗ്രേഡിലെ ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| 1 | 7/1997 | ജാനകി പെരിയത്ത് സീനിയർ ഗ്രേഡ് ജില്ലാവ്യവസായ കേന്ദ്രം കണ്ണൂർ | സെലക്ഷൻ ഗ്രേഡ് | 01/12/2016 (എൽ. ശശികലയുടെ വിരമിക്കൽ) | 39500 - 83000 |
| 2 | 8/1997 | യു. പി. മിനിത കുമാരി സീനിയർ ഗ്രേഡ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം | സെലക്ഷൻ ഗ്രേഡ് | 01/04/2017 (ശ്രീമതി. ജാനറ്റ് സ്കറിയയുടെ വിരമിക്കൽ) | 39500 - 83000 |

| | | | | | |
|---|---|---|---|---|---|
| 3 | 13/2002 | അബ്ദുൾ ലത്തീഫ് പട്ടാശ്ശേരി ഗ്രേഡ് 1 ജില്ലാവ്യവസായ കേന്ദ്രം മലപ്പുറം | സീനിയർ ഗ്രേഡ് | 01/06/2016 ൽ ഒഴിഞ്ഞു കിടന്നിരുന്നത് | 30700 - 65400 |
| 4 | 14/2011 | നസ്സിയ സലിം ഗ്രേഡ് 1 ജില്ലാവ്യവസായ കേന്ദ്രം പത്തനംതിട്ട | സീനിയർ ഗ്രേഡ് | 01/12/2016 (ജാനകി പെരിയത്തിന്റെസ്ഥാനക്കയറ്റം) | 30700 - 65400 |
| 5 | 15/2012 | പ്രീയേഷ്നാവത്ത് ഗ്രേഡ് 1 ജില്ലാവ്യവസായ കേന്ദ്രം കാസറഗോഡ് | സീനിയർ ഗ്രേഡ് | 01/04/2017 (യു. പി. മിനിത കുമാരിയുടെ സ്ഥാനക്കയറ്റം) | 30700 - 65400 |
| 6 | 16/2012 | സ്മിതാ . കെ. വി ഗ്രേഡ് 1 ജില്ലാവ്യവസായ കേന്ദ്രം തൃശ്ശൂർ | സീനിയർ ഗ്രേഡ് | 1/04/2017 (അന്യത്ര സേവന ഒഴിവ്) | 30700 - 65400 |

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥനക്കയറ്റം നൽകുന്നതിനാവശ്യമായ യോഗ്യരായ പരിവീക്ഷാകാലം പ്രഖ്യാപിക്കപ്പെട്ട ജീവനക്കാർ നിലവിലില്ലാത്തതിനാൽ നിശ്ചിത യോഗ്യതകൾ നേടുന്ന മുറയ്ക്ക് ഈ ഗ്രേഡിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതാണ്.

സ്ഥാനക്കയറ്റം സ്വീകരിക്കുന്ന ജീവനക്കാർക്ക് നിലവിലെ ശമ്പളപരിഷ്കരണത്തിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള ശമ്പള നിർണ്ണയം ശമ്പള നിയന്ത്രണാധികാരികൾ ഒരു മാസത്തിനകം നിർണ്ണയിച്ച് നൽകേണ്ടതാണ്.

**ഒപ്പ്**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്: 1. മേൽ സ്ഥാനക്കയറ്റ പട്ടികയിലുള്ള ജീവനക്കാർ

2. ഡയറക്ടർ, കയർ വികസന വകുപ്പ് / കൈത്തറി ഡയറക്ടറേറ്റ്

3. ഇ.ഇ. സെക്ഷൻ 4. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്